ഫോൺ നമ്പർ :0484-2101485
0484-2346091
0484-2342485
ഇമെയിൽ : ceokl@wakf.gov.in
വെബ്സൈറ്റ് : www.keralastatewakfboard.in

# കേരള സംസ്ഥാന വഖഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി.റോഡ്,
കലൂർ, കൊച്ചി - 682 017

നമ്പർ:B9-3843/18 തീയതി: 30-07-2018

## പ്രസിദ്ധീകരണത്തിന് (എല്ലാ എഡിഷനുകളിലും)

**കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ലോൺ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

**കൊച്ചി:** മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അർഹരായ മുസ്ലിം വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ നിന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് നൽകുന്ന പലിശരഹിത ലോൺ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. 2018-19 അധ്യയന വർഷത്തേക്കുള്ള അലോട്ട്മെന്റ് പ്രകാരം ഒന്നാം വർഷം കോഴ്സിന് ചേർന്നിട്ടുള്ളവർക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. എം.ബി.ബി.എസ്., ബി.ടെക്, ബി.ടെക് ലാറ്ററൽ, ബി.ഡി.എസ്., ബി.വി.എസ്.സി., ബി.എച്ച്.എം.എസ്., ബി.എ.എം.എസ്., ബി.ഫാം, ഡി.ഫാം, എം.ഫാം, ഫാം ഡി, ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ബി.എസ്.സി. മൈക്രോ ബയോളജി, ബി.എസ്.സി. അഗ്രിക്കൾച്ചർ, ബി.എസ്.സി. എം.എൽ.റ്റി., ബി.യു.എം.എസ് (യുനാനി മെഡിസിൻ), എം.ബി.എ., ബി.സി.എ., എം.സി.എ., ഫാഷൻ ടെക്നോളജി(എൻ.ഐ.എഫ്.റ്റി.), ഡിഗ്രി ഇൻ ട്രാവൽ ആന്റ് ടൂറിസം, എം.എസ്.ഡബ്ളിയു., എൽ.എൽ.ബി., ബി.എസ്.സി.(സൈബർ ഫോറൻസിക്), ബി.പി.റ്റി., ബി.എസ്.സി (റേഡിയോളജി) എന്നീ കോഴ്സുകളിൽ 100 പേർക്കാണ് ഈ വർഷം ലോൺ അനുവദിക്കുക. മുൻ പരീക്ഷയിൽ 75% മാർക്കോ അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡോ ലഭിച്ചിരിക്കണം. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെയായിരിക്കണം. www.keralastatewakfboard.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2018 ഒക്ടോബർ 31-ാം തീയതിക്കകം അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, അന്താരാഷ്ട്ര സ്റ്റേഡിയത്തിനു സമീപം, വി.ഐ.പി.റോഡ് കലൂർ - 682 017 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിതതീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
(ഇൻ-ചാർജ്ജ്)

# KERALA STATE WAQF BOARD

V.I.P. ROAD, Kaloor, Kochi-682017

# APPLICATION FOR LOAN SCHOLARSHIP

(UNDER REVOLVING LOAN SCHOLARSHIP SCHEME)

| | | |
|---|---|---|
| Name of the student (In capital letters) | | |
| Address for communication<br><br>Dist: Pin: | | Permanent Address<br><br>Dist: Pin: |
| House No: | Street/Road: | Panchayat/Corporation: |
| Village: | | Taluk: |
| Age & Date of Birth: | | Sex: Male / Female |
| E-mail: | | Phone No: |
| Parent's /Guardian's name: | | Address for communication of the Parent / Guardian |
| Relationship with the student: | | |
| Occupation of the Parent / Guardian | | Annual Income: |
| **Academic Details** | | |
| Qualifying examination passed | | |
| Marks obtained in the qualifying Examination (**Enclose copy of the mark list**) | | Total Marks: Percentage: |
| Name & Address of Institution admitted / selected for professional course( give details with month & year) | | |
| Admission No: | | Admission Date: |
| Name of course : | | Duration of course: |
| Date of completion of course(give details with month & year) | | |

## Declaration

I hereby declare that all the statement made in the above application are true, complete and correct to the best of my knowledge and belief. I have read and understood the stipulation given in the advertisement and hereby undertake to abide by them.

**Place:**

**Date:** **Name & Signature of the Parent/Guardian** **Name & Signature of the Applicant**

## Office use only

Application No :

Date of Application :

Date of Sanction :

Remarks :

**ADMINISTRATOR CUM ACCOUNTS OFFICER**

## ലോൺ സ്കോളർഷിപ്പ് - പൊതു നിർദ്ദേശങ്ങൾ

1. എം.ബി.ബി.എസ്., ബി.ടെക്, ബി.ടെക് ലാറ്ററൽ, ബി.ഡി.എസ്., ബി.വി.എസ്.സി., ബി.എച്ച്.എം.എസ്., ബി.എ.എം.എസ്., ബി.ഫാം, ഡി.ഫാം, എം.ഫാം, ഫാം ഡി, ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ബി.എസ്.സി. മൈക്രോ ബയോളജി, ബി.എസ്.സി. അഗ്രിക്കൾച്ചർ, ബി.എസ്.സി. എം.എൽ.റ്റി., ബി.യു.എം.എസ് (യുനാനി മെഡിസിൻ), എം.ബി.എ., ബി.സി.എ., എം.സി.എ., ഫാഷൻ ടെക്നോളജി(എൻ.ഐ.എഫ്.റ്റി.), ഡിഗ്രി ഇൻ ട്രാവൽ ആന്റ് ടൂറിസം, എം.എസ്.ഡബ്ളിയു., എൽ.എൽ.ബി., ബി.എസ്.സി.(സൈബർ ഫോറൻസിക്), ബി.പി.റ്റി., ബി.എസ്.സി (റേഡിയോളജി) എന്നീ കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്നവർക്ക് മാത്രമാണ് ലോൺ അനുവദിക്കുന്നത്. പ്ലസ് 2/12-൧൦ ക്ലാസ് പരീക്ഷയിൽ 75% മാർക്കോ അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡോ ലഭിച്ചിരിക്കേണ്ടതും, കുടുംബ വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെയായിരിക്കേണ്ട - തുമാണ്.

2. ലോൺ സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവർ ബോർഡിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് 200 രൂപ മുദ്രപ്പത്രത്തിൽ കരാർ തയ്യാറാക്കി ഒപ്പിടേണ്ടതും രണ്ടുപേർ ജാമ്യം നിൽക്കേണ്ടതുമാണ്. എഗ്രിമെന്റിലെ എല്ലാ പേജിലും വായ്പക്കാരനും, ജാമ്യക്കാരനും ഒപ്പിടേണ്ടതാണ്.

3. ജാമ്യക്കാർ രണ്ട് പേരും സർക്കാർ / അർദ്ധ സർക്കാർ /പൊതുമേഖലാ / സ്വയം ഭരണാധികാരസ്ഥാപനങ്ങൾ / സഹകരണ ബാങ്ക് / സൊസൈറ്റി എന്നിവയിൽ ജോലിയുള്ളവരോ അല്ലെങ്കിൽ ജാമ്യക്കാരിൽ ഒരാൾ മുകളിൽപ്പറഞ്ഞവരിൽ പ്പെട്ടയാളും മറ്റൊരാൾ വായ്പക്കാരന്റെ പിതാവ്/മാതാവ്/സഹോദരൻ/സഹോദരി എന്നിവരിൽ വരുമാനമുള്ള ഏതെങ്കിലും വ്യക്തിയോ ആകാവുന്നതാണ്.

4. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ പ്രത്യേക ഫോറത്തിൽ ജാമ്യ ഉറപ്പ് നൽകേണ്ട താണ്.

5. കരാർ കാലാവധിക്കു ശേഷം രണ്ട് വർഷത്തിനകം റിട്ടയർ ചെയ്യുന്നവരുടെ ജാമ്യം സ്വീകരിക്കുന്നതല്ല.

6. എഗ്രിമെന്റിൽ സാക്ഷികളായി ഒപ്പിടേണ്ടത് ലോൺ എടുക്കുന്ന വ്യക്തിയുടെ മഹല്ല് ഭാരവാഹികളായിരിക്കണം. അവരുടെ പേരും ഔദ്യോഗിക പദവിയും വിലാസവും കൂടി വ്യക്തമാക്കിയിരിക്കേണ്ടതാണ്.

7. പ്രതിമാസം 2,500/- രൂപ പ്രകാരമായിരിക്കും വായ്പ നൽകുക.

8. കോഴ്സ് പൂർത്തിയാക്കി 2 വർഷത്തിനകം വായ്പ തുക പലിശയില്ലാതെ തിരിച്ചടക്കേണ്ടതാണ്.

9. തിരിച്ചടവ് കാലാവധി കഴിഞ്ഞതിന് ശേഷം കുടിശ്ശിക വരുത്തിയാൽ 12% പിഴ ഈടാക്കുന്നതാണ്.